# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6534

09.07.2014 ൽ മറുപടിയ്ക്ക്

## മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. കെ. അജിത് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസർവ് ബാങ്ക് നിർദ്ദേശിച്ച മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത (CRAR) 30.06.2013 ന് കുറഞ്ഞത് 4% കൈവരിയ്ക്കണമെന്നുള്ള ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിനും, ആലപ്പുഴ, കോട്ടയം, കൊല്ലം, കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലാ ബാങ്കുകൾക്കും നിശ്ചിത മൂലധന പര്യാപ്തത 30.06.2013 ന് കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. |
| (ബി) മൂലധന പര്യാപ്തതയ്ക്കായി ഗവണ്മെന്റിൽ നിന്നും എത്ര തുക വാഗ്ദാനം ചെയ്തിരുന്നു; എത്ര തുക നൽകി; | (ബി) സംസ്ഥാന സഹകരണ ബാങ്കിനും 6 ജില്ലാ സഹകരണ ബാങ്കുകൾക്കും നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 2013 ജൂൺ 27 ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നം. 418/2013/സഹ നമ്പർ ഉത്തരവ് പ്രകാരം 199.50 കോടി രൂപ സംസ്ഥാന സർക്കാർ ഈ ബാങ്കുകൾക്ക് അനുവദിക്കുകയും, |

അപ്രകാരം അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്നും ഉത്തരവായിരുന്നു. ആയത് പ്രകാരം സംഘങ്ങൾ അത്രയും തുക ട്രഷറിയിൽ നിക്ഷേപിക്കാത്തതിനാൽ തുക പിൻവലിക്കുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| (സി) പ്രസ്തുത സഹകരണ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) കാർഷിക കടാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, എസ്.സി/എസ്.ടി കടാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, അപ്പക്സ്, സെൻട്രൽ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും നൽകിയ വായ്പയുടെ തിരിച്ചടവ് യഥാസമയം ലഭിക്കാത്തതും വർദ്ധിച്ച തോതിലുള്ള കുടിശ്ശിക/കിട്ടാക്കടം കുറഞ്ഞ ഓഹരി മൂലധനം എന്നിവയാണ് നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം. |
| (ഡി) മൂലധന പര്യാപ്തത പാലിക്കാത്ത ബാങ്കുകളുടെ മേലുള്ള നടപടികൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ബാങ്ക് സ്വന്തം ഫണ്ടിൽ നിന്ന് 129.50 കോടി രൂപ 6 ജില്ലാ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കിന്റെ കുടിശ്ശിക പരമാവധി ഈടാക്കി NPA കുറച്ച് ലാഭക്ഷമത കൈവരിക്കുക, അംഗസംഘങ്ങളിൽ നിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത കൈവരിക്കുന്നതിന് RBI യുടെ സർക്കുലർ നിർദ്ദേശ പ്രകാരം Long Term Sub-ordinate Deposit Scheme, Innovative Perpetual Debt Instrument എന്നിവ വഴി രജിസ്ട്രാറുടെ അനുമതിയോടുകൂടി Tier 1, Tier 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും, സ്വീകരിച്ചു വരുന്നു. മാത്രമല്ല നിക്ഷേപം നടത്തുകയോ, വായ്പാ എടുക്കുകയോ ചെയ്യുന്ന |

വ്യക്തികളിൽ നിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ